# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3860

31.01.2014 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ നെൽകർഷകരെ സഹായിക്കാൻ സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ നെൽകർഷകരെ സഹായിക്കുന്നതിനായി സഹകരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) പാലക്കാട് ജില്ല സഹകരണ ബാങ്ക് പലിശ രഹിത വായ്പയായി പി.എ.സി.എസ് മുഖേന നെൽ കർഷകർക്ക് ഏക്കറിന് 21,000/- രൂപ പരിധിവെച്ച് പരമാവധി 50,000 രൂപയായി വർഷത്തിൽ രണ്ട് വിളവ് വായ്പകളായി നൽകി വരുന്നു. പാലക്കാട് ജില്ലയിൽ സേവന സഹകരണ ബാങ്കുകളിൽ പ്രവർത്തന പരിധിയിൽ അംഗങ്ങളായ കർഷകർക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷന് നെല്ല് നൽകിയതിന്റെ വില ലഭിക്കുന്നതുവരെ കോർപ്പറേഷനിൽ നിന്ന് ലഭിക്കുന്ന പി.ആർ.എസ് (പാഡി റസീപ്റ്റ് ഷീറ്റ്) ഈടായി സ്വീകരിച്ച് ലഭിക്കാനുള്ള തുകയുടെ 80% വരെ വായ്പ അനുവദിച്ച് വരുന്നു. കെ.സി.സി. (കിസാൻ ക്രെഡിറ്റ് കാർഡ്) വായ്പയായി പരമാവധി 3,00,000 രൂപ 7% പലിശ നിരക്കിൽ നൽകി വരുന്നു.<br>നെല്ല് കർഷകർക്ക് പലിശ രഹിതവായ്പ നൽകുന്നതിനായി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇപ്രകാരം വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരിൽ നിന്നും ലഭിക്കുന്ന ക്ലെയിം സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ച് നൽകുന്നുണ്ട്. പാലക്കാട് ജില്ലയിലെ വിവിധ വായ്പാ സഹകരണ സംഘങ്ങൾക്ക് 6242547/- രൂപയും 17.12.13 ലെ ഉത്തരവ് പ്രകാരം 5,73,159/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സഹകരണ വകുപ്പ് 2010, 2011, 2012, 2013 വർഷങ്ങളിൽ കർഷകരിൽ നിന്ന് എത്ര നെല്ല് സംഭരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (ബി) | 1.കൺസ്യൂമർഫെഡ് സംഭരിച്ച നെല്ലിന്റെ വിവരങ്ങൾ<br>2010-11 - 20338 ക്വിന്റൽ<br>2011-12 - 28127 ക്വിന്റൽ<br>2012-13 - 2800 ക്വിന്റൽ<br>2013-14 - നെല്ല് സംഭരണം നടത്തിയിട്ടില്ല.<br>2. 21.6.2013 ലെ സ.ഉ.(സാധാ) നം.399/2013/സഹ നമ്പർ ഉത്തരവ് പ്രകാരം നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.2641 നെ കൂടി നെല്ല് സംഭരണത്തിനുള്ള നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് ഉത്തരവായിരുന്നു. ടി ഏജൻസി 21.6.2013 മുതൽ 30.11.2013 വരെ 23017 kg നെല്ല് സംഭരിച്ചു. |
| (സി) | നെൽകർഷകർക്ക് സംഭരണ വില നൽകുന്നതിന് കുടിശ്ശിക വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (സി) | സംഭരണ ഏജൻസിയായ കൺസ്യൂമർ ഫെഡറേഷൻ നെല്ല് സംഭരിച്ച വകയിൽ കുടിശ്ശികയില്ല. |

സെക്ഷൻ ഓഫീസർ